## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3378 | | 08.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പൊതുനിരത്തുകളോട്ടുചേർന്ന് സൗജന്യ ശൗചാലയങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എം.ഷാജി | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ പൊതു നിരത്തുകളോട്ടുചേർന്ന് സൗജന്യമായി ശൗചാലയങ്ങൾ ഒരുക്കേണ്ട ബാധ്യത സർക്കാരിനുണ്ടെന്ന് കരുതുന്നുണ്ടോ; | (എ) & (ബി) | പൊതു സ്ഥലങ്ങളിൽ ഉൾപ്പടെ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്, തദ്ദേശ ഭരണ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് ശൗചാലയങ്ങൾ നിർമ്മിച്ച് വരുന്നുണ്ട്. |
| (ബി) | എങ്കിൽ പണം നൽകി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ സർക്കാർ കാട്ടുന്ന താൽപര്യം സൗജന്യ ശൗചാലയങ്ങളുടെ കാര്യത്തിൽ കാട്ടുന്നില്ല എന്ന ആക്ഷേപം ഗൗരവമായി കാണുമോ; | | |
| (സി) | അയൽ സംസ്ഥാനങ്ങളിൽ പണം നൽകി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ വ്യാപകമാണെങ്കിലും അവയോട് ചേർന്ന് സൗജന്യമായി ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലനച്ചുമതല കോൺട്രാക്ട് എടുത്തിട്ടുള്ള ആളിൽ നിക്ഷിപ്തമാക്കി പരിപാലിച്ച് വരുന്നവ മാതൃകയാക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെടുന്ന ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കികൊണ്ടുള്ള മാതൃകയാണ് നിലവിൽ പിന്തുടരുന്നത്. |

സെക്ഷൻ ഓഫീസർ